കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
2015 -16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം-പി3- 225/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി.4-2-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് -2015 -16 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റ 2015 -16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം

അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-കെ.എൽ.എം-പി 225/17

തീയതി-4-2-17

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2015 -2016 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.7.2015 മുതൽ 09.12.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 23 നൽകിയതിൽ

എണ്ണത്തിന് 6 മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. എം. ഗീത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15/12/2016 മുതൽ<br>22/12/2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സോണിയ.ജെ.സെബാസ്റ്റ്യൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതിഷീജ.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ശ്രീലക്ഷ്മി.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.എൻ.ഭട്ടതിരി<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി<br>ശ്രീമതി.ധന്യാകൃഷ്ണൻ | 01/04/2015മുതൽ 31/10/2015 വരെ<br>1.11.2015മുതൽ<br>19.11.2015 വരെ<br>20/11/2015മുതൽ<br>31/03/2016വരെ |
| സെക്രട്ടറി | ശ്രീ.ദിലീപ്.റ്റി | 01/04/2015മുതൽ<br>31/03/2016വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സുചിത്രാദേവി | 01/04/2015മുതൽ 31/03/2016 വരെ |

| | | |
|---|---|---|
| | | |
| വെറ്ററിനറി സർജൻ | ശ്രീമതി.ഡോ.ഷീബ.പി.ബേബി<br>ശ്രീ.ഡോ.കെ.ജി.പ്രദീപ് | 01/04/2015മുതൽ 18/01/2016വരെ<br>19/01/2016മുതൽ 31/03/2016 വരെ |
| കൃഷി ഓഫീൻസർ | ശ്രീമതി.റീന രവീന്ദ്രൻ | 01/04/2015മുതൽ 01/06/2015 വരെ |
| | ശ്രീമതി.സി.എം.ഷേർളി | 02/06/2015മുതൽ 04/03/2016വരെ |
| | ശ്രീമതി.സംഗീത.എ.എസ് | 05/03/2016മുതൽ 31/03/2016വരെ |
| വി. ഇ. ഒ (.........സർക്കിൾ) | ശ്രീ.കിഷോർ.കെ.ജെ | 01/04/2015മുതൽ 31/03/2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.തുളസിഭായിഅമ്മ | 01/04/2015മുതൽ 31/03/2016വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | ശ്രീമതി.ഡോ.മറിയാമ്മ | 01/04/2015മുതൽ 31/03/2016വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീ.അനിൽകുമാർ<br>ശ്രീമതി.സുലത.വി.എസ് | 01/04/2015മുതൽ 03/06/2015വരെ<br>04/06/2015മുതൽ 31/03/2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി.ബിജിഡാനിയൽ | 01/04/2015മുതൽ 31/03/2016വരെ |
| മെഡിക്കൽ ഓഫീസർ, | ശ്രീ.ഡോ.പവീൺ.ആർ | 01/04/2015മുതൽ |

| | | |
|---|---|---|
| ആയുർവ്വേദം | ശ്രീമതി.ഡോ.ഗീത | 06/08/2015വരെ<br>07/08/2015മുതൽ 31/03/2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജാമോൾ | 01/04/2015മുതൽ 31/07/2015 വരെ |
| | ശ്രീ.സുനിൽകുമാർ | 01/08/2015മുതൽ 31/03/2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | രസീതു ബുക്കുകൾ/സാംഖ്യ രസീതുകളിലെ അപാകത | 2-1 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപന രജിസ്റ്റർ - പരിപാലിക്കുന്നില്ല | 2-2 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം | 2-3 |
| 15 | ഓഡിറ്റോറിയങ്ങളുടെ സ്ഥാപന നികുതി ഈടാക്കുന്നില്ല. | 2-4 |
| 16 | ഡി ആൻറ് ഒ -മോട്ടോർ ഫീ ഈടാക്കിയതിൽ നഷ്ടം | 2-5 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകത | 2-6 |

| | | |
|---|---|---|
| 18 | ലേലം-അപാകത | 2-7 |
| 19 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത | 2-8 |
| 20 | തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ | 2-9 |
| | ഭാഗം 3 | |
| 21 | ഇന്ധനം സ്റ്റോക്കിലെടുത്തില്ല -20300 /- രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 22 | പൂർത്തീകരണ/വിനിയോഗ രേഖകളില്ല-3092996 /- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 23 | അച്ചംവിള കുടിവെള്ള പദ്ധതി – രേഖകളില്ല | 3-3 |
| 24 | തൊഴിൽ രഹിത വേതനം - അനുവദനീയമായതിലും അധികം നൽകി | 3-4 |
| 25 | അനുബന്ധ രേഖകളില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 26 | പെൻഷൻ വിതരണത്തിലെ അപാകത-21600/- രൂപ നിരാകരിക്കുന്നു. | 3-6 |
| 27 | പോസ്റ്റ് ഷിഫ്റ്റിംഗ് -തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 28 | വിശദമായ വിനിയോഗ വിവരങ്ങളില്ല . എസ്.എസ്.എയ്ക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു. | 3-8 |
| 29 | വികലാംഗർക്ക് യാത്രാസഹായം - മുചക്ര വാഹനം ഇരുചക്ര വാഹനമായി രജിസ്റ്റർ ചെയ്തു | 3-9 |
| 30 | വിനിയോഗ രേഖ ഹാജരാക്കിയില്ല - തുക തടസപ്പെടുത്തുന്നു | 3-10 |
| 31 | നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല | 3-11 |
| 32 | കൃഷി ഓഫീസ് കെട്ടിടത്തിന്റെ വയറിംഗ് നടപ്പിലാക്കാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു - കെട്ടിടം നിർജ്ജീവ ആസ്തിയായി തുടരുന്നു | 3-12 |
| 33 | സാന്ത്വന പരിചരണം-കുടുംബ സംഗമത്തിന് അധികം തുക നൽകി | 3-13 |
| 34 | പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-14 |
| 35 | മിനിട്ട്സ് ബുക്ക് അപാകതകൾ | 3-15 |
| 36 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് -രേഖകൾ ഇല്ല | 3-16 |
| 37 | ലാപ്പ്ടോപ്പും ഡെസ്ക്ക്ടോപ്പും സിഡ്കോയിൽ നിന്നും വാങ്ങി -തുക തടസ്സപ്പെടുത്തുന്നു. | 3-17 |
| 38 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ | 3-18 |
| 39 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല | 3-19 |
| 40 | സംയുക്ത പരിശോധന ഇല്ലാതെ വെള്ളക്കരവും വൈദ്യുതി ചാർജ്ജും ഒടുക്കു വരുത്തുന്നു. | 3-20 |

| | | |
|---|---|---|
| 41 | മെറ്റീരിയൽ ബില്ലുകൾ ഇല്ലാതെ തുക അനുവദിച്ചു – 92715 /- രൂപ തടസ്സപ്പെടുത്തുന്നു. | 3-21 |
| 42 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-22 |
| 43 | മരാമത്ത് പ്രവൃത്തികൾ – ന്യൂനതകൾ | 3-23 |
| 44 | ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തികൾ | 3-24 |
| 45 | 1997 -ൽ നിർമ്മിച്ച പി.എച്ച്.സി കെട്ടിടം പ്രവർത്തന സജ്ജമാക്കിയിട്ടില്ല- നിഷ്ക്രീയ ആസ്തിയായി തുടരുന്നു | 3-25 |
| | ഭാഗം 4 | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | ഡെപ്പോസിറ്റ് വ ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 49 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 55 | അനുബന്ധം – ഓഡിറ്റ് സാക്ഷ്യപത്രം | |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4.3.15 തീയതിയിലെ 2- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/15 | 25/06/15 | ----- | ------- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 17.12.16 | സർട്ടിഫിക്കറ്റ് അനുബന്ധമായി |

| | | |
|---|---|---|
| | | ചേർത്തിട്ടുണ്ട് |

1.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3..സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി,ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

4.നെൽകൃഷി വികസനമിനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 52500/-രൂപ ചെലവഴിക്കാതെ തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

5.പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള/ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പതമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

6.വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് ജേർണൽ എൻട്രി നടത്തിയിട്ടില്ല.

7.വസ്തു നികുതി, ലേലം എന്നിവയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8.വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകളിൽ 31.3.16 ൽ ബാലൻസ് തുകകൾ അവശേഷിക്കുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | അസി.സെക്രട്ടറി | 631027023,ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 220583 |
| 2 | അസി.എൻജിനിയർ | 760868674,ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 1414981 |
| 3 | എം.ഒ ഹോമിയോ | ബാങ്ക് അക്കൗണ്ട് നിലവിലില്ല | |
| 4 | വി.ഇ.ഒ | 481446875,ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 2320562 |
| 5 | ഹെഡ്മാസ്റ്റർ | 533885226,ഇന്ത്യൻ ബാങ്ക്, പുത്തൂർ | 14233 |
| 6 | കൃഷി ഓഫീസർ | 481446820,ഇന്ത്യൻ ബാങ്ക്, | 882241 |

| | | | |
|---|---|---|---|
| | | കൊട്ടാരക്കര | |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 57029891377എസ്.ബി.റ്റി കൊട്ടാരക്കര | 1006309 |
| 8 | വെറ്റിനറി സർജൻ | 57029748407എസ്.ബി.റ്റി കൊട്ടാരക്കര | 29446 |
| 9 | എം.ഒ, പി.എച്ച്.സി | 533919948,ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 208233 |
| 10 | എം.ഒ, ആയുർവേദം | 481446911,ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 2912 |
| 11 | സെക്രട്ടറി | 481414616,ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 628909 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44184362 |
| വരവ് | 44825605 |
| ആകെ | 89009967 |
| ചെലവ് | 82899080 |
| നീക്കിയിരിപ്പ് | 6110887 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6011980 | 17863439 | 23875419 | 23875419 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 12511519 | 10612572 | 23124091 | 23124091 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 147000 | 147000 | 147000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1349110 | 894624 | 2243734 | 2243734 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2221700 | 588185 | 2809885 | 2809885 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4767250 | 9433737 | 14200987 | 14200987 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 1986190 | 890744 | 2876934 | 2876934 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 19500218 | 19500218 | 19479153 | 21065 | |
| ബി ഫണ്ട് | 0 | 280177 | 280177 | 280177 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 109278319 | 147 | 50581127 | 19 | 128 | 50 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3.7 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3861430 | 3657057 | (-)204373 | |
| നികുതിയേതര വരവുകൾ | 2059904 | 946477 | (-)1113427 | |
| മറ്റുവരവുകൾ | 9246118 | 10003562 | 757444 | |
| ആകെ | 15167452 | 14607096 | (-)560356 | (-)3.7 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 267480 | 178 |
| കർഷകതൊഴിലാളി പെൻഷൻ | 913500 | 95 |
| വിധവാപെൻഷൻ | 16785200 | 1434 |
| വാർദ്ധക്യകാലപെൻഷൻ | 23082720 | 2352 |
| വികലാംഗപെൻഷൻ | 4283410 | 367 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള | 685040 | 67 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2016 ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32303/-രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

2015 / 16 വർഷത്തെ വസ്തു നികുതി ഡിമാൻറ് രജിസ്റ്റർ, വസ്തു നികുതി അരിയർ ഡിമാൻറ് രജിസ്റ്ററുകൾ, കെട്ടിട നിർമ്മാണാനുമതി രജിസ്റ്റർ, അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2013 /14 വർഷം മുതൽ വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തിയിട്ടില്ലാത്തതും 2013 /14 സാമ്പത്തിക വർഷം മുതലുള്ള രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റിംഗ് /മാപ്പിംഗ് നടത്തിയിട്ടില്ലാത്തതുമാണ്. അടിയന്തിരമായി ടി ജോലികൾ പൂർത്തീകരിച്ച് സാംഖ്യ-സഞ്ചയ ഇൻറഗ്രേഷൻ നടത്തേണ്ടതും 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/11/16 | ഒക്ടോബർ 2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/4/12 മുതൽ 30/4/12 വരെ | 2015-2011 | 11/06/12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതു ബുക്കുകൾ/സാംഖ്യ രസീതുകളിലെ അപാകത

കളക്ഷനുവേണ്ടി വിതരണം ചെയ്യുന്ന എല്ലാ രസീതു ബുക്കുകളിലും ,രസീതു ബുക്കിന്റെ നമ്പർ, രസീതുകളുടെ എണ്ണം, പേജ് നമ്പർ, രസീതു ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കളക്ഷനുവേണ്ടി പിരിവുദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീത് ബുക്കുകൾ കളക്ഷന് ഉപയോഗിച്ച് തുടങ്ങുന്നതിന് കാലതാമസം നേരിടുന്നു. 01/11/2016 ന് നികുതി പിരിവിനായി വിതരണം ചെയ്ത രസീതു ബുക്കുകൾ ഓഡിറ്റ് പരിശോധനാ കാലയളവിലും നികുതി പിരിവിന് ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. നികുതി പിരിവുദ്യോഗസ്ഥർ രസീതു ബുക്കുകൾ കൈപ്പറ്റുന്ന തീയതിയിൽ തന്നെ കളക്ഷന് ഉപയോഗിച്ച് തുടങ്ങേണ്ടതാണ്. 2014/15സാമ്പത്തിക വർഷം വെറ്റിനറി സർജന് വിതരണം ചെയ്ത രസീത് ബുക്ക് (നം.49267) സാമ്പത്തിക വർഷം അവസാനിച്ചിട്ടും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യാതെ, 2015/16 സാമ്പത്തിക വർഷവും തുടർന്നും ഉപയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ രസീതുബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സാംഖ്യ രസീതുകൾ ക്രമാതീതമായി

ക്യാൻസൽ ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 2-2 ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപന രജിസ്റ്റർ - പരിപാലിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ചുകൊണ്ടുള്ള വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ്, ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും പേര് വിവരങ്ങൾ അടങ്ങുന്ന സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഏതൊക്കെ വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ ഡി &ഒ ലൈസൻസ് എടുക്കുന്നുവെന്നും എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി ഒടുക്ക വരുത്തുന്നുവെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമുള്ള ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ അടിയന്തിരമായി തയ്യാറാക്കേണ്ടതും ലൈസൻസ് ഫീസും തൊഴിൽ നികുതിയും പൂർണമായും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം

2015 -16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേരും മേൽ വിലാസവും | 2015/16 ഒന്നാം അർദ്ധ വർഷത്തെ ആകെ വരുമാനം (രൂപ) | ഈടാക്കിയ നികുതി (രൂപ) | ഈടാക്കേണ്ട നികുതി (രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|
| 1. | ശ്രീമതി. പൊന്നമ്മ<br>പി.റ്റി.എസ്<br>വെറ്റിനറി<br>ഡിസ്പെൻസറി | 60080 | 450 | 600 | 150 |
| 2. | ശ്രീമതി.ബിന്ദു.ജി.ജെ<br>എൽ.പി.എസ്.എ<br>എസ്.സി<br>വി.എൽ.പി.എസ് | 75332 | 600 | 750 | 150 |
| | ആകെ നഷ്ടം | | | | 300 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/21/12/1016)മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ സംഭവിച്ച നഷ്ടം

(300 /- രൂപ) ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന നികുതി ഡിമാൻറ് ചെയ്യുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കുന്നില്ല.

| ക്രമനം. | ഓഡിറ്റോറിയം |
|---|---|
| 1. | ഐശ്വര്യ ഓഡിറ്റോറിയം, കൈതക്കോട് |
| 2. | സൗഭാഗ്യ ഓഡിറ്റോറിയം, പുത്തൂർ |
| 3. | ഗുഡ്ഷെപ്പേർഡ് ഓഡിറ്റോറിയം, പുത്തൂർ |

ടി ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് - മോട്ടോർ ഫീസ് ഈടാക്കിയതിൽ നഷ്ടം

താഴെപ്പറയുന്ന കച്ചവടസ്ഥാപനങ്ങൾക്ക് 2015 -16 സാമ്പത്തിക വർഷം ഡി &ഒ ലൈസൻസ് അനുവദിച്ചപ്പോൾ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (18 ,19 ) പട്ടിക III പ്രകാരമുള്ള യന്ത്ര സാമഗ്രിയുടെ കുതിര ശക്തിക്കനുസരിച്ച് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡും കെട്ടിട നമ്പരും, സ്ഥാപനത്തിന്റെ പേരും | ലൈസൻസ് അനുവദിച്ച കച്ചവട സ്ഥാപനം നടത്തുന്ന വ്യക്തിയുടെ മേൽവിലാസം | യന്ത്ര ത്തിന്റെ കുതിരശക്തി | ഈടാ ക്കേണ്ട ഫീസ് (രൂപ) | ഈടാ ക്കിയ നികുതി | നഷ്ടം (രൂപ) |
|---|---|---|---|---|---|---|
| 1. | IV/913, എ.കെ.എഞ്ചിനീയറിംഗ് വർക്സ് | അനിൽ കുമാർ അനിൽ ഭവനം മുക്കട് മുളവന.പി.ഒ | 5HP | 50 | - | 50 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 2 | IX/1236<br>എബ്രഹാം സൺസ് കോക്കനട്ട് ഇൻഡസ്ട്രീസ് | റോയിസ്.ജി.എബ്രാം<br>തെക്കേഭാഗത്ത് റോയി നിവാസ്<br>പുന്നമുക്ക്, കുണ്ടറ | 53HP | 1000 | - | 1000 |
| 3 | III/261A<br>വിഷ്ണു കറി പൗഡേഴ്സ് | ദീപ്തി.എസ്.എസ്.നായർ<br>വടശ്ശേരിൽ പുത്തൻവീട്<br>തെക്കുംചേരി, പുത്തൂർ | 10HP | 100 | - | 100 |
| 4 | II/445പക്രു ഫ്ലവർ മിൽ | പ്രദീപ്.കെ<br>ദീപം<br>കാരിക്കൽ<br>കരിമ്പിൻപുഴ.പി.ഒ | 10HP | 100 | - | 100 |
| 5. | I/1281,രവീസ് എക്സ്പോർട്ട്സ് | പ്രജിത.ഐ.ആർ<br>ദുർഗ്ഗ വിഹാർ<br>തെക്കുംചേരി<br>പുത്തൂർ.പി.ഒ | 92HP | 1000 | 500 | 500 |
| | ആകെ നഷ്ടം | | | | | 1750 |

മോട്ടോർ ഫീസിനത്തിൽ ആവശ്യമായ തുക ഈടാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14 / 21/12/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. യന്ത്രത്തിന്റെ കുതിരശക്തിയ്ക്കനുസരിച്ചുള്ള ഫീസും ആനുപാതികമായ ലേറ്റ് ഫീസും സ്ഥാപനം നടത്തുന്നവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകത

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിന്റെ മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകയ്ക്ക്

എടുക്കുന്ന വ്യക്തികളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ PPI/954 നമ്പർ കടമുറി 2015 -16 സാമ്പത്തിക വർഷം വാർഷിക വാടക വർദ്ധനവ് വരുത്തി വാടക ഈടാക്കിയിട്ടില്ല. കൂടാതെ മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നില്ല. രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച്നൽകിയ എൻക്വയറിയ്ക്ക് (നം.7/19 /12/1016) മറുപടി ലഭ്യമാക്കിയിട്ടില്ല. കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടേണ്ടതും, വാർഷിക വാടക വർദ്ധനവ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-7 ലേലം-അപാകത

2015 -16 സാമ്പത്തിക വർഷത്തിലേക്ക് ലേലം നടത്തിയ ഇനങ്ങളിൽ, ലേലം ഉറപ്പിച്ച് നൽകിയ വ്യക്തികളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നില്ല. പഞ്ചായത്ത് വക കടവിൽ കടത്തിറക്കിന് വള്ളം വാടക /കടത്തു കൂലി ഇനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. ക്വട്ടേഷനുകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് എൻക്വയറി(നം.22/22/12/16) നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല. ലേല രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-9 തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ

പഞ്ചായത്തിൽ തനത് ഫണ്ടിന് ഇൻഡ്യൻ ബാങ്കിന്റെ പുത്തൂർ ശാഖയിലും (അക്കൗണ്ട് നം. 957831391)ജില്ലാ സഹകരണ ബാങ്കിന്റെ പുത്തൂർ ശാഖയിലും (അക്കൗണ്ട് നം.030071200800030)രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26/5/2011 തീയതിയിലെ നം.58725/എഫ്എം3/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തനതു വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽക്കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തനതു ഫണ്ടിന്റെ രണ്ട് അക്കൗണ്ടുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/21/12 /2016)മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനു വിധേയമായി ഒരു അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇന്ധനം സ്റ്റോക്കിലെടുത്തിട്ടില്ല - 20300/- രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനായി 296 ലിറ്റർ പെട്രോൾ വാങ്ങിയതിന് 20300/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| തീയതി | പെട്രോളിന്റെ അളവ്(ലിറ്റർ) | തുക | ചെക്ക് നം,തീയതി |
|---|---|---|---|
| 22.4.15 | 12 | 880.80 | 435397/8.6.15 |

| | | | |
|---|---|---|---|
| 20.5.15 | 10 | 743 | '' |
| 26.5.15 | 10 | 734 | '' |
| 28.5.15 | 10 | 741 | 435630/13.7.15 |
| 17.6.15 | 10 | 741 | '' |
| 26.6.15 | 10 | 741 | '' |
| 29.6.15 | 10 | 741 | '' |
| 30.6.15 | 10 | 741 | '' |
| 3.7.15 | 10 | 737.60 | 435654/10.8.15 |
| 8.7.15 | 10 | 737.60 | '' |
| 15.7.15 | 10 | 737.60 | '' |
| 27.7.15 | 10 | 711.20 | '' |
| 12.8.15 | 10 | 684.70 | 435680/9.9.15 |
| 18.8.15 | 10 | 671.40 | '' |
| 26.8.15 | 10 | 671.40 | '' |
| 17.9.15 | 10 | 650.30 | 347503/8.10.15 |
| 18.9.15 | 10 | 650.30 | '' |
| 3.10.15 | 10 | 650.30 | '' |
| 9.10.15 | 12 | 780.36 | '' |
| 15.10.15 | 10 | 650.30 | '' |
| 24.10.15 | 10 | 650.30 | '' |
| 25.10.15 | 10 | 650.30 | 347520/12.11.15 |
| 3.11.15 | 12 | 774.12 | '' |
| 13.11.15 | 10 | 645 | '' |
| 23.11.15 | 10 | 650 | '' |
| 3.12.15 | 10 | 642.80 | '' |
| 22.12.15 | 10 | 637.50 | '' |
| 29.1.16 | 10 | 627.70 | '' |
| 12.2.16 | 10 | 626.90 | '' |
| ആകെ | 296 | 20300.48 | |

296ലിറ്റർ പെട്രോൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഇന്ധനം വാങ്ങുന്നതിനായി ചെലവഴിച്ച 20300/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുൻവർഷങ്ങളിലെ ഓഡിററ് റിപ്പോർട്ടുകളിൽ ഇതേ അപാകത ആവർത്തിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും നടപടികൾ സ്വീകരിക്കാത്തത് അധികൃതരുടെ അലംഭാവമാണ്. വിശദാംശങ്ങൾ ഉൾപ്പെടുന്ന സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി 20300/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പൂർത്തീകരണ /വിനിയോഗരേഖകളില്ല - 3092996 /-രൂപ തടസ്സപ്പെടുത്തുന്നു.

സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ തുക വിനിയോഗിച്ചതിന്റെ / പണി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| ക്രമനം | പ്രോജക്ട് നം | പ്രോജക്ട് | ചെലവഴിച്ച തുക/ഫണ്ടിനം | ബിൽനം/ചെക്ക് നം തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 8/16 | ഐ.എ.വൈ വിഹിതം അടവാക്കൽ(ജനറൽ) | 680000/-വികസനഫണ്ട് (പൊതു വിഭാഗം) | 1/15-16;29.7.15 |
| 2 | 2/16 | ഐ.എ.വൈ വിഹിതം അടവാക്കൽ (എസ്.സി) | 660000വികസനഫണ്ട് (എസ്.സി.പി) | 6/15-16;29.9.15 |
| 3 | 182/16 | പതിനാറാം വാർഡിൽ സ്ട്രീറ്റ് മെയിൻലൈൻ ദീർഘിപ്പിക്കൽ | 16720-(തനതുഫണ്ട്) | 540153/25.7.15 |
| 4 | 289/16 | കോളശ്ശേരി കുടിവെള്ള പദ്ധതി | 470000 വികസനഫണ്ട് (എസ്.സി.പി) | 2/15-16;17.15 |
| 5 | 181/16 | എരുതനങ്ങാട് കുടിവെള്ള പദ്ധതി | 480000 വികസനഫണ്ട് (എസ്.സി.പി) | 4/15-16;22.8.15 |
| 6 | 23/16 | പ്ളാക്കാട് അംബേദ്ക്കർ കോളനി കുടിവെള്ള പദ്ധതി | 194226 വികസനഫണ്ട് (എസ്.സി.പി) | 1)3/15-16;17.8.15<br>2)14/15-16;27.10.15 |
| 7 | 189/16 | കുളക്കട-പവിത്രേശ്വരം പൈപ്പ് ലൈൻ മെയിന്റനൻസ് | 592050/-(തനതുഫണ്ട്) | 1195888/23.12.15 |
| | | ആകെ | 3092996/- | |

രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 21.12.2016 -ൽ നൽകിയ 10-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ / വിനിയോഗരേഖകളുടെ അഭാവത്തിൽ 3092996/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 <u>അച്ചംവിള കുടിവെള്ള പദ്ധതി -രേഖകളില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന അച്ചംവിള കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് ഇനത്തിൽ പ്രതിമാസം 115/- രൂപ വീതം തനതു ഫണ്ടിൽ നിന്നും അടവാക്കുന്നുണ്ട്. കുടിവെള്ള പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്തൃ സമിതി രൂപീകരിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളുടെയും നിയന്ത്രണം സമിതിക്കു കൈമാറണമെന്നും കറന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ സമിതി തന്നെ വഹിക്കണമെന്നും സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ അച്ചംവിള കുടിവെള്ള പദ്ധതി ആരംഭിച്ച തീയതി, ഗുണഭോക്തൃസമിതിക്കു കൈമാറിയ തീയതി തുടങ്ങിയ വിശദാംശങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം 9 / 21.12.16 ) ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പഞ്ചായത്തിൽ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയത്.

കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറാത്തതിനാൽ കറന്റ് ചാർജ്ജ് ഇനത്തിൽ

2015-16 സാമ്പത്തിക വർഷം ചെലവഴിച്ച 1380/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ഇതു സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-4 തൊഴിൽ രഹിത വേതനം - അനുവദനീയമായതിൽ അധികരിച്ച് വേതനം നൽകി - നഷ്ടം -840/- രൂപ

തൊഴിൽരഹിത വേതന വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2015 – 16 സാമ്പത്തിക വർഷം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അനുവദനീയമായ പ്രായപരിധി കഴിഞ്ഞും തൊഴിൽരഹിത വേതനം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ റോൾ നമ്പരും, പേരും മേൽവിലാസവും | ജനന തീയതി | വേതനത്തിന് അർഹമായ കാലയളവ് | അധികരിച്ച് നൽകിയ കാലയളവ് | തുക കൈപ്പറ്റിയ തീയതി | അധികരിച്ച് നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|
| 1. | 1483<br>ഷീജ മാത്യു, മുകളുവിള വീട്, കൈതക്കോട്.പി.ഒ | 24/05/1979 | 5/2014 | 6/14 മുതൽ<br>8/14 വരെ | 7/4/2015 | 360 രൂപ |
| 2. | 1414<br>ലീന.പി.നായർ<br>ലീന ഭവൻ<br>മാറനാട് പടിഞ്ഞാറ്<br>മാറനാട് | 30/5/1980 | 5/2015 | 6/15<br>25/8/2015 | 25/8/2015 | 120 രൂപ |
| 3. | 1669<br>ശ്രീജ.എസ്.ആർ<br>പാലൂർ വീട്<br>മാറനാട്.പി.ഒ | 30/05/1979 | 5/2014 | 6/14 മുതൽ<br>8/14 വരെ | 6/4/2015 | 360രൂപ |
| | ആകെ നഷ്ടം | | | | | 840 |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/21/12/ 2016) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ രഹിത വേതനമിനത്തിൽ അധികം നൽകിയ തുക (840/- രൂപ) ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-5 അനുബന്ധ രേഖകളില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെട്ടു കാണുന്നില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് | ഗുണഭോക്താവിന്റെ പേരും, വീട്ടുപേരും, വാർഡുനമ്പരും | കൈപ്പറ്റിയ തുക / ബിൽ നം/തീയതി |
|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം(വനിത)<br>140/16 | റോസമ്മ, ഷൈലാഭവൻ, കൈതക്കോട്.XII | 10000/<br>4/15-16;21.7.2015 |

| | | | |
|---|---|---|---|
| 2 | ; | ഓമന, പാലൂർ തെക്കതിൽ, മാറനാട്. VIII | 20000<br>8/15-16;19.2.16 |
| 3 | ; | പ്രസന്നകുമാരി, മല്ലപ്പള്ളി താഴതിൽ, മാറനാട്.VIII | 20000<br>8/15-16;19.2.16 |
| 4 | ; | പൊന്നമ്മ, സിനിഭവനം, കൈതക്കോട്.XII | 20000/-<br>11/15-16;18.3.16 |
| 5 | ഭവന പുനരുദ്ധാരണം(വനിത)<br>(സ്പിൽഓവർ)216/16 | പ്രഭാവതി, ബിജുഭവനം. ഇടവട്ടം.X | 20000/-<br>1/15-16;21.7.15 |
| 6 | ; | ബിന്ദു, രേഷ്മാ ഭവനം, മാറനാട്.VIII | 20000/-<br>1/15-16;11.6.15 |
| 7 | ; | ആനന്ദവല്ലി, രഞ്ജിത്ത് ഭവനം, എസ്.എൻ പുരം.IV | 20000/-<br>1/15-`6;11.6.1 |
| 8 | ; | രമണിയമ്മ, കീഴൂട്ട് വീട്, മാറനാട്.VIII | 20000/-<br>1/15-16;11.6.15 |
| 9 | " | രത്നാഭായിയമ്മ, കൊട്ടവീട്.XIII | 20000/-<br>9/15-16;25.10.16 |
| 10 | " | സാവിത്രി, സനീഷ് ഭവനം, കിഴക്കേ മാറനാട്.VI | 20000/-<br>9/15-16;25.10.16 |
| 11 | " | തങ്കമണി, ജിനു സദനം, തെക്കുംചേരി.II | 20000/-<br>9/15-16;25.10.16 |
| 12 | " | തങ്കമ്മ, ഇലവഞ്ചിയിൽ, കാരിക്കൽ.XVIII | 20000/-<br>9/15-16;25.10.16 |
| 13 | " | സരസ്വതിയമ്മ, മുള്ളിക്കാട്ടിൽ വീട്. തെക്കുംചേരി,II | 20000/- |

| | | | |
|---|---|---|---|
| | | | 9/15-16;25.10.16 |
| 14 | " | ചെല്ലമ്മ, ഉഷാഭവനം, കാരിക്കൽ.XIX | 20000/-<br>9/15-16;25.10.16 |
| 15 | " | മേബിൾ ജോസ്, കുതിരത്തടം, കൈതക്കോട്.XII | 20000/-<br>9/15-16;25.10.16 |
| 16 | കിണർ നിർമ്മാണം(സ്പിൽ ഓവർ)215/16 | തങ്കമ്മ, രാജിഭവനം, മാറനാട്,VII | 10000/-(തനതുഫണ്ട്)<br>ചെക്ക് നം- 1895530/22.8.15 |
| 17 | " | സരിത, ഷാരിക് നിവാസ്, കൈതക്കോട്.XI | 10000/-(തനതുഫണ്ട്)<br>ചെക്ക് നം- 1895530/22.8.15 |
| 18 | " | സുധാകുമാരി, കിഴക്കേവിള വീട്, കൈതക്കോട്,XIII | 10000/-(തനതുഫണ്ട്)<br>ചെക്ക്നം- 1895530/22.8.15 |
| | ആകെ | | 320000/- |

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 320000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം19/21.12.16) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 <u>പെൻഷൻ വിതരണത്തിലെ അപാകത</u> **- 21600 /-** <u>രൂപ നിരാകരിക്കുന്നു.</u>

ഒരേ വ്യക്തികൾക്ക് അനർഹമായി 2 തവണ പെൻഷൻ നൽകിയിരിക്കുന്നു. വാർദ്ധക്യകാല പെൻഷനും, വിധവാ പെൻഷനുമാണ് ഇത്തരത്തിൽ നൽകിയത്. താഴെപ്പറയുന്ന വ്യക്തികൾ പെൻഷൻ ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിൽ രണ്ടാം തവണ നൽകിയ അപേക്ഷകളിൻമേൽ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചു. ക്ഷേമകാര്യ സ്ററാറ്ഡിംഗ് കമ്മിറ്റിയുടെ 23/6/2016 ലെ III -ാം നമ്പർതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ചെല്ലമ്മയ്ക്ക് വാർദ്ധക്യകാല പെൻഷനും, 13/8/2015 ലെ I-ാംനമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ലീലാഭായിക്ക് വിധവാ പെൻഷനും നൽകുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാമതും പെൻഷൻ നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേരും മേൽവിലാസവും | 1-ാമത് നൽകിവരുന്ന പെൻഷനും IDയും | അനർഹമായ2-ാമത് നൽകിയ പെൻഷനും IDയും | അനർഹമായി 2-ാമത് പെൻഷൻ നൽകിയ കാലയളവ് | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | ചെല്ലമ്മ<br>പനാരുവിള വീട്<br>ചെറുപൊയ്ക | വിധവ പെൻഷൻ<br>103220601513 | വാർദ്ധക്യകാല പെൻഷൻ<br>103220202927 | 14/06/2015മുതൽ<br>9/16 വരെ | 11200 രൂപ<br>(6/15 മുതൽ 5/16 വരെ 600 രൂപ ക്രമത്തിലും |

| | | | | | |
|---|---|---|---|---|---|
| | | | | | 6/16 മുതൽ<br>9/16 വരെ<br>1000 രൂപ ക്രമത്തിലും) |
| 2 | ലീലാ ഭായി<br>കളീലിൽ വീട്<br>കരിമ്പിൻപുഴ | വാർദ്ധക്യകാല പെൻഷൻ<br>103220202492 | വിധവ പെൻഷൻ<br>103220601593 | 10/10/2015<br>മുതൽ<br>9/2016 വരെ | 10400 രൂപ<br>(10/15മുതൽ 5/16 വരെ 800 രൂപാ ക്രമത്തിലും<br>6/16 മുതൽ9/16 വരെ<br>1000 രൂപാ ക്രമത്തിലും) |
| ആകെ നഷ്ടം | | | | | 21600 രൂപ |

രണ്ടാമതും പെൻഷൻ നൽകുവാൻ ഇടയായതിന് കാരണം വ്യക്തമാക്കിയും അധികം നൽകിയ തുക (21600 /- രൂപ) തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചും വിവരം അറിയിക്കേണ്ടതാണ്.

താഴെപ്പറയുന്ന വ്യക്തികൾക്കും രണ്ടാമതായി അനർഹമായി പെൻഷൻ അനുവദിച്ചിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 23/6/2016 ലെ III -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ അനുവദിച്ചിരിക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | 1-ാമത് നൽകിയ പെൻഷനും IDയും | അനർഹമായി2-ാമത് അനുവദിച്ച പെൻഷനും IDയും |
|---|---|---|---|
| 1 | വിജയമ്മ<br>ശോഭ മന്ദിരം<br>കൈതക്കോട് | വാർദ്ധക്യകാല പെൻഷൻ<br>103220202837 | വാർദ്ധക്യകാല പെൻഷൻ<br>103220202985 |
| 2 | സുകുമാര പിള്ള<br>കേശവ വിലാസം<br>കരിമ്പിൻപുഴ | വാർദ്ധക്യകാല പെൻഷൻ<br>103220202613 | വാർദ്ധക്യകാല പെൻഷൻ<br>10322020278 |
| 3 | രമണി<br>പൊയ്കവിള പുത്തൻവീട്<br>ചെറുപൊയ്ക | വാർദ്ധക്യകാല പെൻഷൻ<br>103220202770 | വാർദ്ധക്യകാല പെൻഷൻ<br>103220203004 |

അനർഹമായി പെൻഷൻ അനുവദിച്ചത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.1/.16 /12/1016) ശ്രീമതി.വിജയമ്മ, ശ്രീ.സുകുമാര പിള്ള, ശ്രീമതി. രമണി എന്നീ വ്യക്തികൾക്ക് രണ്ടാമതായി പെൻഷൻ നൽകുന്നതിന് ഡേറ്റാ എൻട്രി നടത്തി വെബിലേക്ക് പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും DBT സെല്ലിൽ നിന്നും തുക നൽകിയിട്ടില്ലെന്നും എൻക്വയറിയുടെ അടിസ്ഥാനത്തിൽ സസ്പെൻറ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകത

ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വിനിയോഗ / പൂർത്തീകരണ രേഖകളില് - പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ് തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ ഗതാഗത തടസ്സമുണ്ടാക്കി നിന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 36735/- രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ചെക്ക് നം/തീയതി | തുക | വാർഡ് നം |
|---|---|---|---|
| 1 | 435382/23.5.15 | 4002 | I |
| 2 | 435400/11.6.15 | 8000 | IV |
| 3 | " | 7830 | I |
| 4 | 435638/23.7.15 | 8010 | XV |
| 5 | " | 3445 | XIX |
| 6 | " | 5448 | XIX |
| | ആകെ | 36735/- | |

പുത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരമാണ് തുകകൾ കൈമാറിയിട്ടുള്ളത്. പണി പൂർത്തീകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/19.12.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പോസ്റ്റ് ഷിഫ്റ്റിംഗിന് ചെലവഴിച്ച 36735/- രൂപ തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 വിശദമായ വിനിയോഗ വിവരങ്ങളില്ല . എസ്.എസ്.എയ്ക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു.

---

പ്രോജക്ട് :എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ -07/2016

അടങ്കൽ- 900000/- രൂപ (വികസന ഫണ്ട്(പൊതുവിഭാഗം)-609906/-രൂപ,

തനതുഫണ്ട്-290094/-രൂപ)

ചെലവ് -609906/- രൂപ (ബിൽനം. 15/15-16 / 27.10.15

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ

ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 752490/- രൂപ നൽകണമെന്ന ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം താഴെ പറയുന്ന ബില്ല് പ്രകാരം തുക പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ രസീതും 752490/-രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രവും ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

| | ബിൽ നം./ തീയതി | തുക (രൂപ) |
|---|---|---|
| 1 | 15/15-16, 27.10.2015 | 609906 |
| ആകെ | | 609906 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 18/08/2012ലെ ജി.ഒ (എം.എസ്.)225/12/ത.സ്വ.ഭ.വ, 16.11.2013 ലെ ജി.ഒ (എം.എസ്) 362/2013/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്റ്റിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2. എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷങ്ങളിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 609906/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## **3-9** <u>വികലാംഗർക്ക് യാത്രാസഹായം - മുചക്ര വാഹനം ഇരുചക്ര വാഹനമായി രജിസ്റ്റർ ചെയ്തു</u>

2015-16 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി വികലാംഗർക്ക് സ്കൂട്ടർ വാങ്ങി നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് വികലാംഗർക്ക് യാത്രാസഹായം (198/15-16). വികസനഫണ്ട്(ജനറൽ) ഇനത്തിൽ 715000/- രൂപയും തനത് ഫണ്ടിനത്തിൽ 55000/- രൂപയും ഉൾപ്പടെ ആകെ 770000/- വകയിരുത്തി നടപ്പിലാക്കിയ ഈ പദ്ധതിക്കായി 770000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്ന് 11 ഗുണഭോക്താക്കൾക്കായി 11 സ്കൂട്ടർ (Suzuki Lets Scooter, 112cc with side wheel attachment including insurance, registration and Handling Charges – 11x69000/-) വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലെ

അപാകത ചുവടെ ചേർക്കുന്നു.

1. സ്കൂട്ടർ ഓടിക്കുന്നതിനുള്ള ലൈസൻസ് ഇല്ലാത്ത 11 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം സ്കൂട്ടർ നൽകിയിട്ടുള്ളത്.

2.വാഹനത്തിന്റെ രേഖകൾ ഒന്നും തന്നെ ഉദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളിൽ നിന്ന് മുദ്രപത്രം വാങ്ങിയിട്ടുണ്ടെന്നതല്ലാതെ ഗുണഭോക്താക്കളുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3.സ്കൂട്ടർ രജിസ്റ്റർ ചെയ്തു നൽകുന്നത് കെൽട്രോൺ ആണെന്നിരിക്കെ, മുച്ചക്ര വാഹനങ്ങളെല്ലാം തന്നെ ഇരുചക്ര വാഹനമായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

4.ഈ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്ന് സ്കൂട്ടർ വാങ്ങുന്നതിനായി 759000/- രൂപ മാത്രമാണ് ചെലവായിട്ടുള്ളതെങ്കിലും അടങ്കൽ തുകയായ 770000/- രൂപയും പിൻവലിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.റ്റി, കൊട്ടാരക്കര) നിക്ഷേപിച്ചിരിക്കുകയാണ്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 19/12/16ൽ പദ്ധതിക്കായി പിൻവലിച്ച 770000/- രൂപയിൽ ബാക്കിയുള്ള 11000/-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ ഇന്ത്യൻ ബാങ്ക്, പുത്തൂർ ശാഖയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

വികലാംഗർ ആവശ്യമായ ലൈസൻസ് ഇല്ലാതെ വാഹനം നിരത്തിൽ ഓടിക്കുന്ന സാഹചര്യം അത്യന്തം അപകടകരവും കുറ്റകരവുമാണ്. എന്നാൽ മോണിറ്ററിംഗിന്റെ അഭാവത്തിൽ തുടൽനടപടികൾ ഉത്തരവാദിത്തപ്പെട്ടവർ സ്വീകരിക്കുന്നില്ല. മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം എൻക്വയറി മുഖാന്തിരം (11/20.12.16) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ സ്കൂട്ടർ വാങ്ങുന്നതിനായി ചെലവഴിച്ച 759000/- രൂപയും ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 വിനിയോഗ രേഖ ഹാജരാക്കിയില്ല - തുക തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, നമ്പർ | ഫണ്ട്, അടങ്കൽ | ചെലവ് തുക (രൂപ) | ബിൽ നമ്പർ, തീയതി | തുക നൽകിയതിന്റെ വിവരം |
|---|---|---|---|---|---|
| 1 | പ്ലക്കാട് അംബേദ്കർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി(310/15-16) | വികസന ഫണ്ട്(എസ്.സി.പി)- 600000/-രൂപ | 600000/- | 7/15-16 /21.3.16 | ഭൂജല വകുപ്പ് |
| 2 | കല്ലുംമൂട്-മേച്ചിറ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി(310/15-16) | വികസന ഫണ്ട്(എസ്.സി.പി) 600000/-രൂപ | 600000/- | 8/15-16 /21.3.16 | ഭൂജല വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| 3 | ചെറുവാളകം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി(310/15-16) | വികസന ഫണ്ട്(എസ്.സി.പി) 600000/-രൂപ | 600000/- | 9/15-16 /21.3.16 | ഭൂജല വകുപ്പ് |
| 4 | നെല്ലിയാർ മുകൾ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി(307/15-16) | വികസന ഫണ്ട്(എസ്.സി.പി) 600000/-രൂപ | 600000/- | 10/15-16 /21.3.16 | ഭൂജല വകുപ്പ് |
| 5 | ചെറുവാളകം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി(310/15-16) | വികസന ഫണ്ട്(എസ്.സി.പി) 600000/-രൂപ | 600000/- | 11/15-16 /21.3.16 | ഭൂജല വകുപ്പ് |
| | | ആകെ | 3000000/- | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 3000000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

സബ് ട്രഷറി, കൊട്ടാരക്കരയിൽ (നോൺ ബാങ്കിംഗ് ട്രഷറി) നിന്ന് ബിൽ മുഖാന്തിരം പിൻവലിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ) യുടെ പേരിൽ ബാങ്ക് അക്കൗണ്ട് നിലവിലില്ല. അക്കൗണ്ട് നിലവിലില്ലെങ്കിൽ, ട്രഷറിയിൽ നിന്ന് ക്യാഷായി പിൻവലിക്കുന്ന തുകകൾ എപ്രകാരമാണ് ഡി.ഡി ആക്കി നൽകിയിരുന്നത് എന്നതു സംബന്ധിച്ച് വിശദീകരണം എൻക്വയറി (2/15.11.16)മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ബിൽ മുഖാന്തിരം പിൻവലിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി അടിയന്തിരമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും വിവരം അറിയിക്കേണ്ടതാണ്.

## 3-12 കൃഷി ഓഫീസ് കെട്ടിടത്തിന്റെ വയറിംഗ് നടപ്പിലാക്കാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു - കെട്ടിടം നിർജ്ജീവ ആസ്തിയായി തുടരുന്നു

01.09.14 - ന് നിർമ്മാണം പൂർത്തീകരിച്ച കൃഷി ഓഫീസ് കെട്ടിടത്തിന്റെ വയറിംഗ് നടത്താത്തതിനാൽ നിലവിൽ ടി സ്ഥാപനം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2014-15 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലും ടി വിഷയം പരാമർശവിധേയമായിട്ടുണ്ട്. വയറിംഗ് പ്രവൃത്തി നടപ്പിലാക്കി കൃഷി ഓഫീസ് പ്രവർത്തനം ആരംഭിക്കാത്തതിനാൽ പ്രതിമാസം 409/- രൂപ വാടക ഇനത്തിൽ ചെലവ് ചെയ്തുവരുന്നു. വാടക കെട്ടിടം ഒഴിയുന്നതിന് കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുള്ളതായും കൃഷി ഓഫീസ് ജീവനക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞു.

10,81557/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം വർഷങ്ങളായി നിർജ്ജീവ ആസ്തിയായി തുടരുന്ന സാഹചര്യത്തിൽ വയറിംഗ് പ്രവൃത്തി നടപ്പിലാക്കാത്തതിന് വിശദീകരണം തേടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/21.12.2016) മറുപടി ലഭിച്ചില്ല.

സ്വന്തം കെട്ടിടത്തിന്റെ വയറിംഗ് പ്രവൃത്തി അടിയന്തിരമായി നടപ്പിലാക്കി കൃഷി ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഭരണതലത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 സാന്ത്വന പരിചരണ പരിപാടി -കുടുംബ സംഗമം - സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികതുക അനുവദിച്ചു-നിരാകരിച്ച തുക-4,000/-രൂപ

പ്രോജക്റ്റ് നം.135/16

അടങ്കൽ തുക -3 ലക്ഷം (വികസനഫണ്ട്)

ബിൽ നം.8/31.3.16 -1,08,000/-രൂപ

08.03.16 -ന് കാരിക്കൽ ,ഫാമിലി വെൽഫെയർ സെന്ററിൽ വച്ച് നടത്തിയ പാലിയേറ്റീവ് കുടുംബ സംഗമത്തിൽ പങ്കെടുത്തവർക്ക് ഭക്ഷണചെലവ് ഇനത്തിൽ 10,000/-(100 പേർക്ക് ) രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാരിന്റെ , പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ ഖ. 2.6.13 ( തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പിന്റെ , സ.ഉ .(സാധാ) നം. 3217 /15 തസ്വഭവ തീയതി 29.10.15) പ്രകാരം ഒരു വ്യക്തിയ്ക്ക് പരമാവധി 60/-രൂപമാത്രമേ അനുവദനീയമായിട്ടുള്ളൂ. അധികമായി ചെലവ് ചെയ്ത 4,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് (20/12.12.12016) ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ് ശ്രദ്ധയിൽ പെട്ടില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല.

## 3-14 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 169(5) , 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ , നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ പട്ടയം അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപ പത്രത്തിനായി സമർപ്പിച്ച നിരവധി അപേക്ഷകളിൻമേൽ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തുടർ നടപടിയ്ക്കായി തീരുമാനങ്ങൾ എടുത്തിട്ടുള്ളതായി കാണുന്നു. സ്ഥല പരിശോധന നടത്തി, റവന്യൂ രേഖകളുമായി ഒത്ത് നോക്കി അപേക്ഷകർക്ക് അനുകൂലമായി തീരുമാനിക്കുന്ന കേസുകളിൽ, ഭൂമി വിട്ടുകൊടുക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾ ഹനിക്കപ്പെടുന്നില്ലായെന്ന് നിലവിൽ ഉറപ്പുവരുത്തുന്നതായി കാണുന്നില്ല.

കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി

വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 3-15 1.4.2015 മുതൽ 8.12.2015 വരെയുള്ള ജനറൽ മിനിട്ട്സ് ഹാജരാക്കിയില്ല – തുടർ പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

കേരള പഞ്ചായത്ത് രാജ് റൂൾസ് (പഞ്ചായത്ത് യോഗ നടപടിക്രമം) 1995, സെക്ഷൻ 26 പ്രകാരം, സെക്രട്ടറി യോഗത്തിന്റെ മിനിട്ട്സ് തയ്യാറാക്കി ,പ്രസിഡന്റിന്റെ അംഗീകാരത്തോടുകൂടി മിനിട്ട്സ് പുസ്തകം സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. മിനിട്ട്സ് പുസ്തകത്തിന്റെ സൂക്ഷിപ്പുകാരൻ സെക്ഷൻ 30 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.

മേൽ സാഹചര്യത്തിൽ 1.4.15 മുതൽ 8.12.15 വരെയുള്ള കാലയളവിലെ ജനറൽ മിനിട്ട്സ് പുസ്തകം ഹാജരാക്കുന്നതിന് പഞ്ചായത്ത് അധികാരികൾക്ക് കഴിഞ്ഞില്ലായെന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ഓഡിറ്റ് റിക്വസിഷൻ (നം 1/16.12.2016) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റിന് ഹാജരാക്കിയ 9.12.15 മുതൽ 15.03.16 വരെയുള്ള ജനറൽ മിനിട്ട്സ് പുസ്തകത്തിലെ താഴെ പറയുന്ന കമ്മിറ്റി തീരുമാനം അവ്യക്തമാണ്.
1.പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷ :
31.12.15(7) നം.തീരുമാനം(പേജ് നം.45) -അപേക്ഷകന്റെ പേർ /വാർഡ് രേഖപ്പെടുത്തിയിട്ടില്ല.
(2) 15.3.16 ലെ മിനിട്ട്സ് ക്ലോസ് ചെയ്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.5/17.12.2016) മറുപടി ലഭിച്ചില്ല.
മേൽ വിഷയത്തിൽ തുടർനടപടിൾ സ്വീകരിക്കുന്നതിന് ഭരണവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-16 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-രേഖകളില്ല - തുക തടസ്സപ്പെട്ടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – 218/16

അടങ്കൽ – 570000 /-രൂപ

(വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) – 278900 /- രൂപ

തനത്ഫണ്ട് -291100 /- രൂപ)

ചെലവ് – 310000/- രൂപ

ബിൽ നമ്പർ /തീയതി – 2/15-16; 27.8.15 – 278900/- രൂപ

ചെക്ക് നമ്പർ /തീയതി – 1895537/25.8.15 - 31100 /-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുപ്പത്തൊന്ന് കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/-രൂപാ വീതം റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിരുന്നു. ഗ്രൂപ്പുകൾ ഹാജരാക്കിയ അപേക്ഷകളിൽ ഒന്നും തന്നെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചതിന്റെ വിശദാംശങ്ങളില്ല. കൂടാതെ ചുവടെ ചേർക്കുന്ന ഗ്രൂപ്പുകൾ ബാങ്ക് ലോൺ സംഘടിപ്പിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | കുടുംബശ്രീ യൂണിറ്റുകളുടെ പേരുവിവരം |
|---|---|
| 1 | നവജ്യോതി, മാറനാട് തെക്ക്, VIII |
| 2 | ദീപം, മാറനാട് പടിഞ്ഞാറ്, VIII |
| 3 | ശിവശക്തി, മാറനാട് പടിഞ്ഞാറ്, VIII |
| 4 | ശ്രീഭദ്ര, ചെറുമങ്ങാട്, III |
| 5 | കസ്തൂർബ, ചെറുമങ്ങാട്, III |
| 6 | ഉദയം, ചെറുമങ്ങാട്, III |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/ 21.12.16) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ മുകളിൽ ചേർത്ത ആറു കുടുംബശ്രീ ഗ്രൂപ്പുകൾക്കുമായി വിതരണം ചെയ്ത 60000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 ലാപ്ടോപ്പുകളും ഡസ്ക്ക് ടോപ്പുകളും സിഡ്കോയിൽ നിന്നും വാങ്ങി - 434574/- രൂപ തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ നിർവഹണത്തിന് അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയെയാണ് തിരഞ്ഞെടുത്തിരുന്നത്.

| ക്രമനം | പ്രോജക്റ്റ്/ പ്രോജക്റ്റ് നം | അടങ്കൽ | ചെലവ്/ ബിൽ നമ്പർ | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ-187/16 | 320968/- രൂപ വികസനഫണ്ട് (ജനറൽ) | 314921ബിൽ നം16/15-16; 27.10.15 | ഏസർ വെരിട്ടോൺ ഡസ്ക്ക് ടോപ്പ് 9-എണ്ണം |
| 2 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, അസിറ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ലാപ് ടോപ്പ് | 150000/- രൂപ വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 119653 ബിൽ നം-17/15-16; 27.10.15 | എച്ച്.പി പവലിയൺ ലാപ്ടോപ്പ്- 3 എണ്ണം |

| | | | | |
|---|---|---|---|---|
| | | | | |

സിഡ്കോയുടെ 4.9.15 ലെ S.S.E.Klm.0213 നം ഇൻവോയ്സ് പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സപ്ളൈ ചെയ്യുന്നതിന് സിഡ്കോയെ അംഗീകൃത ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടില്ല. സിഡ്കോയിൽ നിന്നും ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്ന ഉപകരണങ്ങളുടെ ലിസ്റ്റ് 28.5.15 ലെ GO(RT)SPD26/15- നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ഇവയിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടുന്നുമില്ല. അനുവദനീയമല്ലാത്ത ഇനങ്ങൾ സിഡ്കോയിൽ നിന്നും വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു ഓഡിറ്റ് അന്വേഷണത്തിന് (നം. 10/20.12.16 ) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ രണ്ടു പദ്ധതികൾക്കുമായി ചെലവഴിച്ച 434574/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2002 -03 സാമ്പത്തിക വർഷം മുതലുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2002-03 | 10000 |
| 2 | 2003-04 | 3750 |
| 3 | 2004-05 | 52980 |
| 4 | 2005-06 | 8960 |
| 5 | 2006-07 | 37471 |
| 6 | 2007-08 | 9375 |
| 7 | 2008-09 | 5167 |
| 8 | 2009-10 | 2160 |
| 9 | 2010-11 | 2640 |
| | ആകെ | 132503 |

കമ്മിറ്റി തീരുമാനം കൈക്കൊണ്ട് ഈ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-19 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക്

ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.

2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും, ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്, എൽ.എസ്.ജി.ഡി എ.ഇ. എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം. ഡയറക്ടറുടെ 09.06.2016 ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ (സാധാ)നം. 2904/16 നമ്പരിൽ 19.10.2016 മാത്രമാണ് ലഭിച്ചതെന്നതും പ്രസ്താവ്യമാണ്.

ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ , റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമേ 'port' ചെയ്യുന്നുവെന്നതും സ്ഥാപന മേധാവി ഉറപ്പ്

വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-20 സംയുക്ത പരിശോധനയില്ലാതെ വെള്ളക്കരവും വൈദ്യുത ചാർജ്ജും ഒടുക്കുന്നു.

1. തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ് ഇനത്തിൽ 2015 സെപ്റ്റംബർ വരെ 136806/- രൂപയും, 2015 ഒക്ടോബർ മുതൽ 155350/- രൂപയുമാണ് ഒടുക്കുന്നത്. 10.4.15 മുതൽ പുതിയ 304 സിംഗിൾ ട്യൂബ് സെറ്റുകൾ സ്ഥാപിച്ചതിനാൽ 2015ഒക്ടോബർ മുതൽ 155350/- രൂപ ഒടുക്കണമെന്ന പുത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.9.15 ലെ 62/BB/15- കത്ത് പ്രകാരമാണ് തുക കൂട്ടി അടച്ചത്. കെ.എസ്.ഇ.ബിയുടെ ഡിമാന്റ് അനുസരിച്ച് തുക ഒടുക്ക വരുത്തുന്നതല്ലാതെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം തുടങ്ങിയ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രതിമാസം 54250/- രൂപയാണ് വെള്ളക്കരമിനത്തിൽ തനതുഫണ്ടിൽ നിന്നും ഒടുക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 124 ടാപ്പുകൾക്കാണ് തുക അടവാക്കുന്നത്. വെള്ളക്കരമിനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണ്ടെത്തിയിട്ടില്ല.

കുടിവെള്ള ടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും എണ്ണം തിട്ടപ്പെടുത്താൻ ഒടുവിൽ നടത്തിയ സംയുക്ത പരിശോധനയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം . 8/ 19.12.16) ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന സംബന്ധിച്ച ഫയലുകൾ പഞ്ചായത്തിൽ ഇല്ല എന്നാണ് അറിയിച്ചത്. സംയുക്ത പരിശോധനയ്ക്ക് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ ഇടപെടലുകളോടെ ഉടൻ തന്നെ ആരംഭിക്കേണ്ടതുംവ്യക്തമായകണക്കുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജും വെള്ളക്കരവും ക്രമീകരിക്കുന്നതിന് നടപടിയുണ്ടാകേണ്ടതുമാണ്.

## 3-21 ഗുണഭോക്തൃ സമിതി നടപ്പാക്കിയ മേലെവടക്കതിൽ മുല്ലവേലിൽ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് - മെറ്റീരിയൽ ബില്ലുകൾ ഇല്ലാതെ തുക അനുവദിച്ചു - തടസ്സപ്പെടുത്തുന്ന തുക -92,715/-രൂപ

പ്രോജക്ട് നം - 254/16
അടങ്കൽ തുക - 1,00,00/- (തനത്)
കൺവീനർ- ശ്രീ.കെ.വിജയൻപിള്ള , ഹരിത, മാറനാട്
എഗ്രിമെന്റ് നം.71 A /14-15/AE/l.s.g.d/pvm/03.02.15
മൂല്യ നിർണ്ണയ തുക -93,652/-രൂപ
കൺവീനർക്ക് അനുവദിച്ച തുക -92,715/-രൂപ (നികുതികൾ കഴിച്ച്)
ബിൽ നം. – 15-16 തീ.23.07.15
എം.ബുക്ക് നം. – 65/14-15

ഗുണഭോക്തൃസമിതി നടപ്പിലാക്കിയ പ്രവൃത്തിയുടെ മിനിട്ട്സ് പുസ്തകത്തിൽ രേഖപ്പെടുത്തിയ ചെലവിനങ്ങൾ ഇപ്രകാരമാണ്.
1.സിമെന്റ് ബിൽ - 35,280/-രൂപ

2.മെറ്റ് മെറ്റീരിയൽസ് - 42,000/-രൂപ
( 40 mm മെറ്റൽ-16,000/- 20mm മെറ്റൽ -10,000/- എംസാന്റ്-16,000/-)
3.മസ്റ്റർ റോൾ -30,726/-രൂപ
ആകെ 1,08,006/-രൂപയുടെ ചെലവിൽ, മസ്റ്റർ റോൾ മാത്രമാണ് ഫയലിൽ കാണപ്പെടുന്നത്. ബില്ലുകൾ എല്ലാം ഹാജരാക്കാത്ത കൺവീനർക്ക് തുക അനുവദിച്ചത് സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ (നം.1/559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13.11.14)ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/17.12.15) മറുപടി ലഭിച്ചില്ല.

## 3-22 ദേശീയ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷത്തിൽ 1816 കുടുംബങ്ങൾക്കായി 104946 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി.ഇതിൽ 331 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 1,59,56919/-രൂപയുടെ ചെലവ് താഴെ രേഖപ്പെടുത്തിയ വിഭാഗങ്ങളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

1.ചെറുകിട ജലസേചനം - 41 എണ്ണം
2.ഭൂവികസനം - 4 “ എണ്ണം
3.ജലസേചന സൗകര്യം
ഏർപ്പെടുത്തൽ -128 “ എണ്ണം
4.ഐ.എ.വൈ. ഭവനം – 32 “ എണ്ണം
5. വൃക്ഷതൈകൾ നടൽ -2 “ എണ്ണം

പദ്ധതി നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടേ രേഖപ്പെടുത്തുന്നു.
1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.
2. മൂല്യനിർണ്ണയ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള മഴക്കുഴി, കിണർ റീചാർജ്ജിംഗ്,തെങ്ങിൻതടങ്ങളുടെ എണ്ണം, ഉപോൽബലകങ്ങളായ രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെടുന്നില്ല.
3.ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ ഫോട്ടോകളിൽ പ്രോജക്ട് യോഗങ്ങൾ , പ്രവൃത്തി സൈറ്റുകളിൽ സ്ഥാപിച്ച ബോർഡ്, പ്രവൃത്തിയുടെ പുരോഗതി എന്നിവ വിലയിരുത്തുവാൻ പ്രാപ്തമല്ല.
4.ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതികളുടെ ഫയലുകളിൽ പ്രവൃത്തി നടത്തുന്നതിന്റെ ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടതായി ബോധ്യപ്പെടുന്നില്ല.
5.സൈറ്റ് ഡയറികളിലെ രേഖപ്പെടുത്തലുകൾ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് സഹായകരമല്ല.
6.വൃക്ഷത്തൈകൾ നടുന്ന പദ്ധതിയ്ക്ക് തുടർ പരിപാലന പ്രവൃത്തികൾ നടത്താത്തതിനാൽ അതിജീവന തോത് ഉയർത്തുന്നതിന് സാധിച്ചിട്ടില്ല.
7.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-23 അസിസ്റ്റന്റ് എൻജിനീയർ ,എൽ.എസ്.ജി.ഡി വിഭാഗം-പദ്ധതി നിർവ്വഹണം-ന്യൂനതകൾ

2015-2016 സാമ്പത്തിക വർഷത്തിൽ 196 പ്രൊജക്ടുകൾക്ക് അനുമതി ലഭിച്ചു. ആകെ അടങ്കൽ തുക 5,75,71,989/- രൂപയിൽ 93 പ്രൊജക്ടുകളിലായി 2,50,53341/- രൂപ (43.52 %) മാത്രമാണ് ചെലവഴിച്ചത്. 64 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 32 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്(50%). സ്പിൽ ഓവർ പ്രൊജക്ടുകൾ തന്നെ തുടർ വർഷങ്ങളിൽ സ്പിൽ ഓവർ ആയി തുടരുന്നത് പദ്ധതി നിർവ്വഹണത്തിലെ ആസൂത്രണക്കുറവ് വെളിവാക്കുന്നു.

എൽ.എസ്.ജി.ഡി.വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എൻജിനീയർ, രണ്ട് ഓവർസിയർ എന്നീ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ ഒരു ഓവർസിയറുടെ സേവനം പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ (ലീവ്) പദ്ധതികളുടെ ബാഹുല്യം ,നിർവ്വഹണത്തിൽ മതിയായ സൂക്ഷ്മത പാലിയ്ക്കുന്നതിന് സഹായകരമല്ല. ഏറെ പ്രവൃത്തികളും ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. അവയുടെ നടത്തിപ്പ് സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല. (പ്രത്യേക ഖണ്ഡിക 3-24 കാണുക). ഗ്രാമപഞ്ചായത്തിന്റെ മൊത്തം വികസനത്തെ മുൻനിർത്തി ഏറ്റെടുക്കേണ്ട മരാമത്ത് പ്രവൃത്തികൾ വാർഡ് അടിസ്ഥാനത്തിൽ ചെറിയ കോൺക്രീറ്റിംഗ് പ്രവൃത്തികളായി നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. 5 ലക്ഷത്തിന് താഴെയുള്ള പ്രവൃത്തികൾ E-ടെണ്ടർ നടപടിക്രമത്തിൽനിന്നും ഒഴിവാകുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ടെണ്ടർ കുറവ്, ടെണ്ടർ ഫാറം വിൽപ്പന, ഇ.എം.ഡി, പെർഫോമൻസ് ഗ്യാരന്റി എന്നിവയിൽ ഗണ്യമായ തുക ലഭിക്കാനുള്ള സാധ്യത ഇല്ലാതാക്കുന്നു.

തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് മേൽ വസ്തുതകൾ കണക്കിലെടുത്ത് പരിഹാര നടപടികൾ ഉണ്ടാകേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെയും എൽ.എസ്.ജി.ഡി വിഭാഗത്തിന്റെയും ശ്രദ്ധയിൽ വിഷയം കൊണ്ടുവരുന്നു.

## 3-24 ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിവ്വഹണത്തിൽ സുതാര്യത, ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1) പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ്, നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. അക്കൗണ്ട് തുടങ്ങുന്നതിനുള്ള നാമമാത്ര തുകയും, മൂല്യനിർണ്ണയതുകയും മാത്രമാണ് ബാങ്ക് പാസ് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ തന്നെ ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ 'ക്യാഷ് 'അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല. ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ

ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല. കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടില്ലായെന്നിരിക്കെ ബാങ്കിലെ സംയുക്ത അക്കൗണ്ടിൽ നിന്നും മാറിയെടുത്ത ഫൈനൽ ബിൽ തുക കൈപ്പറ്റി, കൺവീനർമാർ നടത്തിയ സാമ്പത്തിക ഇടപാടുകൾ ചെക്ക് /ഡി.ഡി. /അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ പരിശോധന പരിധിയ്ക്ക് വെളിയിൽ നിൽക്കുന്നുവെന്നത് ഗൗരവതരമാണ്.

2) രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല (സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു), എല്ലാ സാധന സാമഗ്രികളും അംഗീകൃത ഡീലറിൽ നിന്നും വാങ്ങുന്നില്ല.

പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃ സമിതികൾ, അംഗീകൃത ഏജൻസികൾ/ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കു

3) സാധന സാമഗ്രികളുടെ ബില്ലുകൾ ഇല്ലാതെ തുക കൺവീനർക്ക് അനുവദിച്ചു

മേലെവടക്കതിൽ മുല്ലവേലിൽ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് (പ്രൊജക്റ്റ് നം. 254/16) പ്രവൃത്തിയുടെ കൺവീനർക്ക് മെറ്റീരിയൽ ബില്ലുകൾ ഹാജരാക്കാതെ തന്നെ അന്തിമ ബിൽ തുക അനുവദിച്ചു.( ഖണ്ഡിക കാണുക ).

നിർവ്വഹണ ഉദ്യോഗസ്ഥൻ , മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേൽ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## **3-25** <u>**1997 -**ൽ നിർമ്മിച്ച പി.എച്ച്.സി കെട്ടിടം പ്രവർത്തന സജ്ജമാക്കിയിട്ടില്ല- നിഷ്ക്രീയ ആസ്തിയായി തുടരുന്നു</u>

1996-97 – ൽ എം.പി. എൽ.എ.ഡി പദ്ധതിയിൽ ഉൾപ്പെടുത്തി പണിപൂർത്തിയാക്കിയ പി.എച്ച്.സി കെട്ടിടം മതിയായ സംരക്ഷണത്തിന്റെ അഭാവത്തിൽ, സാമൂഹിക വിരുദ്ധരുടെ പ്രവൃത്തികളാൽ ഉപയോഗയോഗ്യമല്ലാതായി. നിലവിൽ പി.എച്ച്.സി ഇതിനു സമീപത്തുതന്നെയുള്ള സ്വകാര്യകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

പി.എച്ച്.സി പ്രവർത്തിക്കുന്നതിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് രണ്ട് മുറികൾ ,പോർച്ച് എന്നിവ പുതുതായി നിർമ്മിച്ച് ടൈൽ പാകുന്നതിനും, അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തി പെയിന്റ് ചെയ്യുന്നതിനും തൻ വർഷം 5,53,093/-രൂപ ചെലവഴിച്ചു (പ്രൊജക്റ്റ് നം.247/16 –ബിൽ നം.14/29.1.16-എം.ബുക്ക് നം.10/15-16 ,ഫണ്ട്- മെയിന്റനൻസ് –റോഡിതരം).





പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിൽ വയറിംഗ്, പമ്പ്സെറ്റ്, വൈദ്യുതി കണക്ഷൻ എന്നിവയുടെ കുറവ് നിമിത്തം പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കില്ല എന്ന് ബോധ്യപ്പെട്ടു. അതിനാൽ പി.എച്ച്.സി ഇപ്പോഴും അപകടാവസ്ഥയിലുള്ള സ്വകാര്യ കെട്ടിടത്തിൽ തുടരുന്നു.

ഗ്രാമീണജനങ്ങൾക്ക് സേവനം നൽകുന്ന പി.ച്ച്.സിയ്ക്ക് 1997 -ൽ നിർമ്മിച്ച കെട്ടിടം വർഷങ്ങളായി ഉപേക്ഷിച്ച മുൻ ഗ്രാമപഞ്ചായത്ത് ഭരണ സമിതികളുടെ വീഴ്ച ന്യായികരിക്കാവുന്നതല്ല. നിലവിലെ അസൗകര്യങ്ങൾ അടിയന്തിരമായി പരിഹരിച്ച് പി.എച്ച്.സിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്<br>ജില്ലാ പഞ്ചായത്ത് | 2014-15<br>2015-16 | 67500<br>52500 | നെൽകൃഷി വികസനം | 67500 | -<br>52500 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| 1 | kseb | 182/16-16ാം വാർഡിൽ ലൈൻ നീട്ടൽ | 16720 | 16720 | |
| 2 | kwa | 189/16 കളക്കട പവിത്രേശ്വരം പൈപ്പ് ലൈൻ നീട്ടൽ | 592050 | 592050 | |
| 3 | gwd | 191/16പ്ലാക്കാട് അംബേക്കർ കോളനി കുടിവെള്ള പദ്ധതി കുഴൽ കിണർ | 1944223 | 1944223 | |
| 4 | gwd | 289/16കോളശ്ശേരി കുടിവെള്ള പദ്ധതി | 470000 | 470000 | |

| | | | | | |
|---|---|---|---|---|---|
| 5 | gwd | 290/16 എരുതനങ്ങാട് കുടിവെള്ള പദ്ധതി | 480000 | 480000 | |
| 6 | gwd | 304/16 കല്ലുംമൂട് മേച്ചിറ കുടിവെള്ള പദ്ധതി | 600000 | 600000 | |
| 7 | gwd | 306/16 ചെറുവാളകം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി | 600000 | 600000 | |
| 8 | gwd | 307/16 നെല്ലിയാർ മുകൾ കോളനി കുടിവെള്ള പദ്ധതി | 600000 | 600000 | |
| 9 | gwd | 308/16 പുറ്റമൺ കരകോളനി കുടിവെള്ള പദ്ധതി | 600000 | 600000 | |
| 10 | gwd | 309/16 കുന്തലക്കേട് കോളനി കുടിവെള്ള പദ്ധതി | 600000 | 600000 | |
| 11 | gwd | 310/16 അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 600000 | 600000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26046/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13<br>2013-14 | ഖണ്ഡിക 2-1 | 6327 | മഹാവിഷ്ണു കാഷ്യൂഫാക്ടറി കരിന്പിൻപുഴ | 11501101169, 21/7/15 |
| 2012-13<br>2013-14 | ഖണ്ഡിക 2-1 | 2500<br>2500 | ശ്രീ പാർവതി കാഷ്യൂഫാക്ടറി | 85/53132,20/3/15<br>1130110752,31/10/15 |
| 2012-13<br>2013-14 | ഖണ്ഡിക 2-1 | 3301<br>3001 | കൈലാസ് കാഷ്യൂഫാക്ടറി കാരുവെലിൽ | 1150110475,17/8/15 |
| 2012-13<br>2013-14 | ഖണ്ഡിക 2-1 | 3301<br>3001<br>2115 | ക്ഷീകോത്പാദക സഹകരണ സംഘം കൈതക്കോട് | 11501101277,29/7/15 |

| | | | | |
|---|---|---|---|---|
| | ആകെ | 26046 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2004-05 | 3-1 | തൊഴിൽ പരിശിലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല | അകൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2007-08 | സ്പഷ്യൽ റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയാ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപ് തുക ചെലവഴിച്ചു. | അകൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം റിപ്പോർട്ടുകൾ നിഷ്ക്രീയ ആസ്ഥികൾ | 2014-15 | 4.1.6 4.1.7 | | 1997-98 വർഷം എംപി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പിഎച്ച്സി കെട്ടിടം 2013-14 വർഷം 555306 /- രൂപ ചെലവഴിച്ച തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. 15-16 വാർഷിക പദ്ധതിയിൽ 300000/- രൂപ വകയിരുത്തിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തി സ്പിൽ ഓവർ പ്രോജക്ട് തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2014-15 | വിഷയാധിഷ്ഠിത അവലോകനം നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണം | 2014-15 | 4.2.15 | ചാലായത്ത് കടവിൽ നദീതിര കൈയ്യേറി കൃഷി ചെയ്യുന്നു. | ചാലായത്ത് കടവിൽകൃഷി നടത്തുന്ന ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയി ലുള്ളതാണോ എന്നറിയുന്നതിനായി വില്ലേജാഫീസർക്ക് കത്തു നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നു. |

**4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 89009967 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82899080 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2050 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 26440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8427606 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 300 | | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 2-5 | 1,750 | | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-4 | | 840 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-6 | | 21,600 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-13 | | 4,000 | ഡോ.മറിയാമ്മ, എം.ഒ. പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20,300 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-2 | 30,92,996 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-3 | 1,380 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-5 | 3,20,000 | ശ്രീ.കിഷോർ.കെ.ജെ, വി.ഇ.ഒ |
| 3-7 | 36,735 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-8 | 6,09,906 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-9 | 7,59,000 | ശ്രീമതി. സുചിത്രാദേവി, അസി.സെക്രട്ടറി |
| 3-10 | 30,00,000 | ശ്രീമതി.സുചിത്രാദേവി, അസി.സെക്രട്ടറി |
| 3-16 | 60,000 | ശ്രീ.കിഷോർ.കെ.ജെ, വി.ഇ.ഓ |
| 3-17 | 4,34,574 | ശ്രീ.റ്റി.ദിലീപ്, സെക്രട്ടറി |
| 3-21 | 92,715 | ശ്രീ.സുനിൽകുമാർ, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി. ദിലീപ്, സെക്രട്ടറി | സെക്രട്ടറി, ആലപ്പാട് ഗ്രാമ | കാർത്തിക മന്ദിരം, മാലി |

| | | |
|---|---|---|
| | പഞ്ചായത്ത് | ഭാഗം, ചവറ തെക്ക്. പി.ഒ, കൊല്ലം |
| ഡോ. മറിയാമ്മ, മെഡിക്കൽ ഒഫീസർ, പി.എച്ച.സി | മെഡിക്കൽ ഒഫീസർ, പി.എച്ച്.സി, പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത് | പൂക്കോയിയ്ക്കൽ, ബഥേൽ, മാർക്കറ്റ് ജംഗ്ഷൻ, കൊട്ടാരക്കര |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ക്യൂ. പി.3-1245/14(1)/.11.06.14 | എല്ലാ ഖണ്ഡികകളും | |
| 1997-98 | എൽ.എഫ്.ക്യൂ. പി.3-1245/14(2)/11.06.14 | 8 | |
| 1998-99 | എൽ.എഫ്.ക്യൂ. പി.3-1245/14(3)/.11.06.14 | എല്ലാ ഖണ്ഡികകളും | |
| 1999-2000 | എൽ.എഫ്.ക്യൂ. പി.3-1245/14(1)/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2000-01 | എൽ.എഫ്.ക്യൂ. പി.3-1245/14(1)/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2001-02 | എൽ.എഫ്.ക്യൂ. പി.3-1245/14/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2002-03 | എൽ.എഫ്.ക്യൂ. പി.3-1245/14/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2003-04 | എൽ.എഫ്.ക്യൂ. പി.3-1245/14(4)/11.06.14 | 7 | |
| 2004-05 | എൽ.എഫ്.ക്യൂ. പി.3-1245/14(5)/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2005-06 | എൽ.എഫ്.ക്യൂ. പി.3-1245/14(6)/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2006-07 | എൽ.എഫ്.ക്യൂ. പി.3- | 23 | |

| | | | |
|---|---|---|---|
| | 1245/14(7) /11.06.14 | | |
| 2007-08 | എൽ.എഫ്.ക്യൂ. പി.3-1245/14/11.06.14 | എല്ലാ ഖണ്ഡികകളും | അദാലത്തിൽ മറുപടി ഹാജരാക്കിയില്ല |
| 2008-09 | എൽ.എഫ്.ക്യൂ. പി.3-1245/14/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2009-10 | എൽ.എഫ്.ക്യൂ. പി.3-1245/14/11.06.14 | എല്ലാ ഖണ്ഡികകളും | |
| 2010-11 2011-12 | എൽ.എഫ്.ക്യൂ. പി.3-1245/14/ 11.06.14 | 7 | |
| 2012-13 2013-14 | എൽ.എഫ്.ക്യൂ. പി.3-727/15 തീ.25.06.15 | എല്ലാ ഖണ്ഡികകളും | |
| 2014-15 | കെ.എസ്.എ. കെ.എൽ.എം. പി3-1161/ 16 / 1.8.16 | എല്ലാ ഖണ്ഡികകളും | |

<u>അനുബന്ധം</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.-കെ.എൽ.എം-പി 3-225/17

തീയതി-4-2-17

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം